പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 557 29.11.2018 ലെ മറുപടിക്ക്

## കയർ മേഖലയുടെ വികസനത്തിനായുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) സംസ്ഥാനത്തെ കയർ മേഖല നേരിടുന്ന പ്രധാന വെല്ലുവിളി ചകിരിയുടെ അഭാവം ആണെന്നതിനാൽ അതിൽ സ്വയം പര്യാപ്തത നേടുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | എ) ചകിരി ഉത്പ്പാദിപ്പിക്കുന്നതിന് പുതിയതായി ആരംഭിക്കുന്ന സ്വകാര്യ യൂണിറ്റുകൾക്ക് നിലവിൽ 50% ഇൻവെസ്റ്റ്മെന്റ് സബ്സിഡി നൽകി വരുന്നു. കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ, സി.ഡി.എസ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, നാളികേര ഉൽപ്പാദന കമ്പനികൾ എന്നിവയ്ക്ക് 90% സബ്സിഡിയോടെയും സ്വകാര്യ സംരംഭകർ/ഇതര ഏജൻസികൾ എന്നിവയ്ക്ക് 50%ഉം ഇൻവെസ്റ്റ്മെന്റ് സബ്സിഡി നൽകി വരുന്നു. കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ, സി.ഡി.എസ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, നാളികേര ഉൽപ്പാദന കമ്പനികൾ എന്നിവയ്ക്ക് 90% സബ്സിഡിയോടെയും സ്വകാര്യ സംരംഭകർ/ഇതര ഏജൻസികൾ എന്നിവയ്ക്ക് 50% സബ്സിഡിയോടെയും ഡി.എഫ് മിൽ അനുവദിക്കുന്നതിനായി ഉത്തരവായിട്ടുണ്ട്. ഇത്തരത്തിൽ 50 ഡി.എഫ് മില്ലുകൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മറ്റൊരു 50 എണ്ണത്തിന്റെ നിർമ്മാണം പുരോഗമിക്കുന്നു. ഈ സാമ്പത്തിക വർഷം തന്നെ നൂറാമത്തെ പുതിയ ചകിരി മില്ലും പ്രവർത്തനം ആരംഭിക്കാൻ കഴിയും. വൈക്കത്ത് രൂപീകരിച്ച വൈക്കം കയർ കൺസോർഷ്യം സൊസൈറ്റി തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും, പൂർണ്ണമായ യന്ത്രവൽക്കരണം വഴി പരമാവധി ചകിരി ഉൽപ്പാദിപ്പിച്ച് കയർ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു. കേരളത്തിലെ കയർ വ്യവസായത്തിന് പ്രത്യേകിച്ച് ചകിരി ഉൽപ്പാദനത്തിന് ആവശ്യമായ ഡി.എഫ് മില്ലുകൾ, കേരള സ്റ്റേറ്റ് കയർ മെഷീനറി മാനുഫാക്ചറിംഗ് കമ്പനി വഴി നിർമ്മിച്ച് വിതരണം ചെയ്തുവരുന്നു. |
| ബി) കുടുംബശ്രീ, ഫാർമേഴ്സ് സർവ്വീസ് സെന്റർ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ടുള്ള തൊണ്ടുസംഭരണം വിജയപ്രദമാണോ; | ബി) ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ടു സംഭരണം കൂടുതൽ |

| | |
|---|---|
| അല്ലെങ്കിൽ കേരകർഷകർക്ക് പ്രത്യേക ഇൻസെന്റീവ് നൽകി തൊണ്ട് സംഭരിക്കുന്ന കാര്യം പരിഗണിക്കുമോ; | ശക്തമാക്കുകയും വിജയകരമായി നടപ്പിലാക്കി വരുന്നുമുണ്ട്. |
| സി) കയർ ഉല്പന്നങ്ങളുടെ വിപണി ശൃംഖല വിപുലീകരിക്കുന്നതിന് പുതിയ സംവിധാനങ്ങൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | സി) & ഡി) ആവിഷ്കരിച്ചിട്ടുണ്ട്. 10 കോടി രൂപ അംഗീകൃത മൂലധനമുള്ള "കേരള കയർ മാർക്കറ്റിംഗ് കമ്പനി പ്രൈവറ്റ് ലിമിറ്റഡ്" എന്ന പേരിൽ ഒരു കമ്പനി രജിസ്റ്റർ ചെയ്യുന്നതിന് ഉത്തരവ് ആയിട്ടുണ്ട്. ഇതിന്റെ മെമ്മോറാണ്ടം ഓഫ് അസോസിയേഷനും ആർട്ടിക്കിൾ ഓഫ് അസോസിയേഷനും അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്പനിയുടെ 49% ഷെയർ സംസ്ഥാന സർക്കാരും 51% ഷെയർ കയർ കോർപ്പറേഷനും അതുപോലുള്ള മറ്റുസ്ഥാപനങ്ങൾക്കും ആയിരിക്കും. പ്രസ്തുത കമ്പനി രജിസ്റ്റർ ചെയ്യുന്നതിനായി രജിസ്ട്രാർ ഓഫ് കമ്പനിയുടെ മുൻപാകെ അപേക്ഷ സമർപ്പിച്ചിരിക്കുകയാണ്. |
| ഡി) ഇതിനായി പ്രത്യേക കമ്പനി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിലൂടെ കയറുല്പന്നങ്ങളുടെ വിപണി മെച്ചപ്പെടുത്തുന്നതിന് സാധ്യമായിട്ടുണ്ടോ എന്നറിയിക്കാമോ? | |

സെക്ഷൻ ഓഫീസർ